LIBRARY ARCHIVES Kerala Legislative Assembly

ആയുർവേദ മസാജ് കേന്ദ്രങ്ങൾ

8 [1786] ശ്രീ. വി. കെ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളോട് ചേർന്ന് പ്രവർത്തിക്കുന്ന ആയുർവേദ മസാജ് കേന്ദ്രങ്ങളുടെ നിയന്ത്രണത്തിന് സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഈ കേന്ദ്രങ്ങളെ എപ്രകാരമാണ് തരംതിരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(സി) ഇതിലേക്കായി സർക്കാർ രൂപീകരിച്ച കമ്മിറ്റി ഇപ്പോൾ നിലവിലുണ്ടോ;

(ഡി) എങ്കിൽ ആരെല്ലാമാണ് ഈ കമ്മിറ്റിയിൽ അംഗങ്ങളായിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) അനധികൃത/വ്യാജകേന്ദ്രങ്ങളെ നിയന്ത്രിക്കാൻ ടൂറിസം വകുപ്പിന് അധികാരമില്ല. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളോട് പ്രധാന കേന്ദ്രങ്ങളിൽ ഇവയെ നിയന്ത്രിക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്. കൂടാതെ ആയുർവേദ കേന്ദ്രങ്ങളുടെ പ്രവർത്തനം നിയന്ത്രിക്കാൻ വകുപ്പിന് അധികാരം നൽകുന്ന ഒരു നിയമ നിർമ്മാണവും സർക്കാരിന്റെ സജീവ പരിഗണനയിലുണ്ട്.

(ബി) ആയുർവേദ കേന്ദ്രങ്ങൾക്ക് സൗകര്യങ്ങളുടെ അടിസ്ഥാനത്തിൽ ഗ്രീൻ ലീഫ്, ഒലീവ് ലീഫ് എന്നീ ക്ലാസിഫിക്കേഷനും, അംഗീകാരവും നൽകാൻ ടൂറിസം വകുപ്പിൽ പദ്ധതിയുണ്ട്.

(സി) ഉണ്ട്.

(ഡി) ടൂറിസം ഡയറക്ടർ, ഇന്ത്യൻ സിസ്റ്റംസ് ഓഫ് മെഡിസിന്റെ ഡയറക്ടർ, തിരുവനന്തപുരം ആയുർവേദ കോളേജിലെ കായ ചികിത്സാ വിഭാഗം പ്രൊഫസർ, കോട്ടയ്ക്കൽ ആര്യവൈദ്യശാല ആയുർവേദ കോളേജിന്റെ പ്രിൻസിപ്പൽ, അഷ്ടവൈദ്യൻ വൈദ്യരത്നം നീലകണ്ഠൻ മൂസ്, ടൂർ ഓപ്പറേറ്റേഴ്സ് അസോസിയേഷന്റെ ഒരു പ്രതിനിധി എന്നിവരാണ് കമ്മിറ്റിയിലെ അംഗങ്ങൾ.

കരുനാഗപ്പള്ളി ആലുംകടവ് മിനി അക്വാപാർക്ക്

9 [1787] ശ്രീ. എ. എൻ. രാജൻ ബാബു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി ആലുംകടവിൽ കായലോര ടൂറിസം വികസനത്തിന്റെ ഭാഗമായി മിനി അക്വാപാർക്ക് സ്ഥാപിക്കുന്നതിനുവേണ്ടി കൊല്ലം ഡി.ടി.പി.സി.-യിൽ നിന്നും റിപ്പോർട്ട് ആവശ്യപ്പെട്ടതിനുശേഷം എന്തെല്ലാം നടപടികൾ പൂർത്തിയായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;